## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*124 08/06/2018- ൽ മറുപടിയ്ക്ക്

### റബ്ബറിന്റെ വിലയിടിവ് മൂലം കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. മുരളി പെരിനെല്ലി<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ പത്ത് ലക്ഷത്തോളം റബ്ബർ കർഷകർ റബ്ബറിന്റെ വിലയിടിവു കൊണ്ട് നേരിടുന്ന ഗുരുതര പ്രശ്നം പരിഹരിക്കാനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിച്ച ടാസ്ക് ഫോഴ്സ് നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;<br><br>(ബി) അനിയന്ത്രിതമായ ഇറക്കുമതി കൊണ്ട് വിപണിയിൽ ഷീറ്റ് റബ്ബറിന് വിലയിടിഞ്ഞു കൊണ്ടിരിക്കുന്നത് തടയാൻ കേന്ദ്ര സർക്കാർ നടത്തിയ പ്രവർത്തനം എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ)<br>&<br>(ബി) | സംസ്ഥാന കൃഷി വകുപ്പ് മന്ത്രി കേന്ദ്ര വാണിജ്യ കാര്യ വകുപ്പ മന്ത്രിയുമായി നടത്തിയ ചർച്ചയിൽ സ്വാഭാവിക റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി 'ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ" രൂപീകരിക്കുകയുണ്ടായി. കേരള ചീഫ് സെക്രട്ടറി അധ്യക്ഷനും ത്രിപുര ചീഫ് സെക്രട്ടറി സഹഅധ്യക്ഷനും ആയി രൂപീകരിച്ച ടാസ്ക് ഫോഴ്സിൽ കേരള-ത്രിപുര സർക്കാർ പ്രതിനിധികളും, കേന്ദ്ര സർക്കാരിന്റെ പ്രതിനിധികളും, റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടറും ഉൾപ്പെടുന്നു. പ്രസ്തുത ടാസ്ക് ഫോഴ്സിന്റെ രണ്ട് യോഗങ്ങൾ നടന്നു. ആദ്യത്തേത് തിരുവനന്തപുരത്തും, രണ്ടാമത്തേത് ന്യൂ ഡൽഹിയിൽ വച്ചുമാണ് നടന്നത്. റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഹ്രസ്വകാല പരിഹാര മാർഗ്ഗങ്ങളും റബ്ബറുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലേയും വികസനത്തിനായി ദീർഘകാല തന്ത്രങ്ങളും ഉണ്ടാക്കുകയും രാജ്യത്ത് ഒരു റബ്ബർ പോളിസി രൂപീകരിക്കുകയും ചെയ്യുക എന്നതാണ് ടാസ്ക് ഫോഴ്സിൽകൂടി കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) ചിരട്ടപ്പാലിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് | (സി) | ഇല്ല, ചിരട്ടപ്പാൽ ഇറക്കുമതിയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള നിരോധനം തുടരണമെന്ന് |

| | | | |
|---|---|---|---|
| | നിലവാരം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ചിരട്ടപ്പാൽ ഇറക്കുമതിക്ക് വഴി തുറക്കുവാൻ ഇടയുണ്ടോയെന്ന് വ്യക്തമാക്കുമോ; | | അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന കൃഷി വകുപ്പ് മന്ത്രി കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിലെത്തിയശേഷം റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിൽ കർഷകർക്ക് എത്ര കോടി രൂപ നൽകിയിട്ടുണ്ട്; ചെലവിന് ആനുപാതികമായി വില നിശ്ചയിക്കണമെന്നും നിലവിൽ സംസ്ഥാന സർക്കാർ നൽകി വരുന്ന ഉല്പാദക ബോണസ് 150 രൂപയിൽനിന്ന് 200 രൂപയാക്കാൻ വേണ്ട സാമ്പത്തിക സഹായം നൽകണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം ഇനത്തിൽ 592.87 കോടി രൂപയാണ് സബ്സിഡിയായി റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുള്ളത്. റബ്ബറിന്റെ താങ്ങു വില 150 രൂപയിൽ നിന്നും 200 രൂപയാക്കി ഉയർത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്രത്തിൽ നിന്നും അനുകൂല മറുപടി ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**